# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.591** 24.01.2018-ൽ മറുപടിയ്ക്ക്

### ഫാക്ടിന്റെ അമ്പലമേട് ഡിവിഷനിലെ പെട്രോകെമിക്കൽ പാർക്ക്

| ചോദ്യം<br>ശ്രീ.അൻവർ സാദത്ത് | | ഉത്തരം<br>ശ്രീ.എ.സി.മൊയ്തീൻ<br>(വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| എ) | ഫാക്ടിന്റെ അമ്പലമേട് ഡിവിഷനിൽ പെട്രോകെമിക്കൽ പാർക്ക് സ്ഥാപിക്കുവാൻ കിൻഫ്ര ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ടോ; വിശദാംശം നല്കുമോ; | എ) | ഫാക്ടിന്റെ അമ്പലമേട് ഡിവിഷനിൽ പെട്രോകെമിക്കൽ പാർക്ക് സ്ഥാപിക്കുന്നതിന് ഫാക്ടും സംസ്ഥാന സർക്കാരും ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. ഇതു പ്രകാരം ഫാക്ടിന്റെ അധീനതയിലുള്ള 470 ഏക്കർ ഭൂമി സംസ്ഥാന സർക്കാരിന് കൈമാറും. |
| ബി) | എങ്കിൽ എത്ര ഏക്കർ സ്ഥലമാണ് കിൻഫ്ര ഇതിനായി ഏറ്റെടുക്കുന്നത്; | ബി) | 470 ഏക്കർ ഭൂമിയാണ് ഇതിനായി കിൻഫ്ര ഏറ്റെടുക്കുന്നത്; |
| സി) | പ്രസ്തുത പാർക്കിന്റെ പദ്ധതി ചെലവ് എത്ര കോടി രൂപയായിരുന്നു; എവിടെ നിന്നാണ് ഈ തുക സമാഹരിക്കുക എന്ന് വെളിപ്പെടുത്തുമോ? | സി) | പ്രസ്തുത പാർക്കിന്റെ വികസനത്തിന് ഏകദേശം 1800 കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. കിഫ്ബി വഴിയാണ് ഈ പദ്ധതിക്കുള്ള ധന സമാഹരണം നടത്തുവാൻ ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ